"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് മാങ്കുറിശ്ശി എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളിലെ ശ്രീമതി. മായ എം. എ., യു.പി.എസ്.ടി. ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 18260/2025 ൽ 14/08/2025 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3180/2026/GEDN** തീയതി, തിരുവനന്തപുരം, 10-05-2026

---

പരാമർശം:-

1. പാലക്കാട് മാങ്കുറിശ്ശി എ.യു.പി. സ്കൂളിലെ ശ്രീമതി. മായ എം. എ., യു.പി.എസ്.ടി. സർക്കാർ മുൻപാകെ സമർപ്പിച്ച 23/03/2025 തീയതി റിവിഷൻ ഹർജി (Ext. P6).
2. WP(C)No. 18260/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 14/08/2025 തീയതിയിലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/02/2026 തീയതിയിലെ DGE/18421/2025-G1 നമ്പർ കത്ത്.
4. സ.ഉ. (കൈ) നം. 31/2026/GEDN, തീയതി 18/02/2026.

**<u>ഉത്തരവ്</u>**

പാലക്കാട് മാങ്കുറിശ്ശി എ.യു.പി. സ്കൂളിലെ ശ്രീമതി. മായ എം. എ., യു.പി.എസ്.ടി., ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 18260/2025 റിട്ട് ഹർജിയിൽ 14/08/2025 തീയതിയിലെ വിധിന്യായത്തിൽ, ഹർജിക്കാരി സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext. P6 പുന:പരിശോധനാ ഹർജി പരിശോധിച്ച ശേഷം നാല് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

ബഹു. ഹൈക്കോടതിയുടെ WP (C) No. 12883/2023 റിട്ട് ഹർജിയിലെ 13/04/2023 തീയതിയിലെ വിധിന്യായം പൂർണ്ണമായി നടപ്പിലാക്കിക്കൊണ്ട് വാർഷിക വർദ്ധനവ് അനുവദിക്കാൻ പ്രധാനാദ്ധ്യാപകനും മൊത്തം ശമ്പള ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും പ്രധാനാദ്ധ്യാപകനും നിർദ്ദേശം നൽകണമെന്നാണ് പരാമർശം(1) റിവിഷൻ ഹർജിയിലെ ആവശ്യം.

**2.** ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം, WP(C) No. 12883/2023 ഹർജിയിലെ വിധിന്യായം വിശദമായി പരിശോധിച്ചു. വിധിന്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെച്ചേർക്കുന്നു:

It is declared that the petitioners are entitled to get salary and other allowances based on Ext.P13 to P13(i) approval orders. There will be a direction to respondents 3 to 10 to disburse the salary and other allowances due to the petitioners, by taking necessary steps, as expeditiously as possible, at any rate, within three months from the date of receipt, of a stamped certified copy of this judgment.

ടി വിധിന്യായം പാലിച്ചുകൊണ്ടുള്ള പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ R.Dis/ ഉത്തരവ് നമ്പർ C/14696/2021, തീയതി 23/06/2023 പ്രകാരം ശ്രീമതി. മായ എം.എ. യുടെ നിയമനം 15/07/2021 തീയതി മുതൽക്ക് യു.പി.എസ്.ടി. ആയി 35,600-75,400 ശമ്പള സ്കെയിലിലെ 35600/- അടിസ്ഥാന ശമ്പളം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ, നിലവിലെ സർക്കാർ/ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവുകൾ പ്രകാരം ഇൻക്രിമെന്റുകൾ അനുവദിക്കാൻ നിർവാഹമില്ല എന്ന പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/12/2024 തീയതിയിലെ കത്ത് മുഖേന പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകുകയും, ഈ നിർദ്ദേശം പുന:പരിശോധിക്കാനായി സമർപ്പിച്ച ഹർജിയിൽ സ.ഉ. 29/2023/പൊ.വി.വ തീയതി 24/03/2023, ജെ ആർ 01/502/2023 തീയതി 01/11/2023 എന്നീ ഉത്തരവുകൾ പ്രകാരം 18/11/2018 മുതൽ 08/11/2021 വരെയുള്ള കാലയളവിലെ ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം പ്രൊവിഷണലായി അംഗീകരിക്കുവാനാണ് നിർദ്ദേശം ഉള്ളതെന്നും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തിയാൽ മാത്രമേ നിലവിൽ പ്രൊവിഷണലായി അംഗീകാരം ലഭിച്ചവർക്ക് റഗുലർ നിയമനം നൽകേണ്ടതുള്ളൂ എന്നും ഇക്കാരണത്താൽ ഹർജിക്കാരിയുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നിലവിൽ അനുവദിക്കാൻ നിർവ്വാഹമില്ല എന്ന നിർദ്ദേശം 28/02/2025 കത്തിൽ നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ഈ തീരുമാനത്തിനെതിരെയാണ് ശ്രീമതി. മായ എം. എ., യു.പി.എസ്.ടി., എയ്ഡഡ് പ്രൈമറി സ്കൂൾ, മാങ്കുറിശ്ശി, പാലക്കാട് പരാമർശം (1) പുന:പരിശോധനാ ഹർജി സർക്കാർ മുൻപാകെ ഫയൽ ചെയ്തിരിക്കുന്നത്. തുടർന്ന്, ടിയാൾ ബഹു. ഹൈക്കോടതി മുൻപാകെ WP (C) No. 18260/2025 റിട്ട് ഹർജി ഫയൽ ചെയ്യുകയുമായിരുന്നു.

3. ശ്രീമതി. മായ എം. എ. യുടെ പുന:പരിശോധന ഹർജിയിലെ വിഷയത്തിന്മേൽ പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ, മാങ്കുറുശ്ശി, എ.യു.പി.എസിലെ യു.പി.എസ്.ടി. ശ്രീമതി. എം.എൻ. സുസ 31/05/2020-ന് വിരമിച്ചതിന് തുടർന്നുള്ള ഒഴിവിൽ ശ്രീമതി. എം എൻ മായ യെ യു.പി.എസ്.ടി. ആയി 15/07/2021 തിയതി മുതൽ മാനേജർ നിയമിച്ചിരുന്നു. ലഭ്യമായ നിയമനാംഗീകാര അപേക്ഷ പരിശോധിച്ച് 24/09/2021 തീയതിയിൽ അംഗീകാരം നൽകിയിരുന്നെങ്കിലും ഭിന്നശേഷിയുമായി ബന്ധപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ സ്റ്റേ ചെയ്തതിനാൽ ശ്രീമതി. മായ എം.എ. യുടെ യു.പി.എസ്.ടി. നിയമനം അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10/08/2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 22/08/2022-ലെ ഡിജിഇ/12312/2022/എച്ച്2 നമ്പർ കത്ത് പ്രകാരം, തീരുമാനം എടുത്ത നിയമനാംഗീകാര ഫയലുകളിൽ പുനഃപരിശോധന നടത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിരുന്നു. ശ്രീമതി. മായ

എം.എ.യുടെ നിയമനം അംഗീകരിച്ചു എങ്കിലും നടപടിക്രമം അനുവദിച്ചിരുന്നില്ല. മേൽ പരാമർശിച്ച കത്ത് പ്രകാരം നടപടിക്രമം നൽകുന്ന പക്ഷം നിയമനാംഗീകാര ഉത്തരവിന്റെ തീയതി കോടതി ഉത്തരവിന് ശേഷം വരുന്നതായി കാണുന്നതിനാൽ പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 29/09/2022 തീയതിയിലെ സി/3532/2022 നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

ടി കാലയളവിൽ സമന്വയ പോർട്ടലിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകരായ ശ്രീമതി. ആരിഫ പി.പി. മുതലായവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നമ്പർ: 12883/2023 പ്രകാരം ഹൈക്കോടതിയെ സമീപിക്കുകയും കോടതിയിൽ നിന്നും 13/04/2023 തിയതിയിൽ അനുകൂലവിധി നേടുകയും 3 മാസത്തിനുള്ളിൽ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

റിട്ട് ഹർജി (സിവിൽ) നം. 12883/2023-ൽ 6-ാം നമ്പർ അന്യായക്കാരിയാണ് ശ്രീമതി. മായ എം.എ. ടി അദ്ധ്യാപികയുടെ നിയമനാംഗീകാര അപേക്ഷ പരിശോധിച്ച് 24/09/2021 തീയതിയ്ക്ക് അംഗീകരിച്ച നിയമനം ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. എം.എൻ. സുസ, യു.പി.എസ്.ടി. 31/05/2020-ന് വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി. മായ.എം.എ.-യുടെ 15/07/2021 മുതലുള്ള നിയമനം 35,600-75,400 ശമ്പള സ്കെയിൽ അംഗീകരിച്ച് നൽകിയിരുന്നു.

15/07/2021 മുതലുള്ള നിയമനം 23/06/2023 തീയതി ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിരുന്നിട്ടും വാർഷിക ഇൻക്രിമെന്റുകൾ അനുവദിച്ചുതരണമെന്ന് അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ 2024 ഒക്ടോബർ മാസത്തിലാണ് സമർപ്പിച്ചിരുന്നത്.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ വാദം, വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട്, നിലവിലെ KER ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സർക്കാർ ഉത്തരവ് നം. 29/2023 തീയതി, 24/03/2023 പ്രകാരം 18/11/2018 മുതൽ 07/11/2021 വരെയുള്ള ഒഴിവുകളിൽ നിയമിക്കപ്പെട്ട നിയമനാർത്ഥിക്ക് പ്രൊവിഷണൽ ശമ്പള സ്കെയിലിൽ മാത്രമേ നിയമനാംഗീകാരത്തിന് അർഹതയുള്ളു. മാനേജർ ഭിന്നശേഷി നിയമനം നടത്തുന്ന മുറയ്ക്ക് മാത്രമേ പ്രൊവിഷണലായി തുടരുന്ന നിയമനങ്ങൾ റഗുലറൈസ് ചെയ്യുവാൻ നിർവാഹമുള്ളൂ. ശ്രീമതി. മായ എം.എ.യെ നിയമിച്ച ഒഴിവ് 01/08/2020 തീയതിയിൽ ഉണ്ടായ വിരമിക്കൽ ഒഴിവായതിനാൽ സർക്കാർ ഉത്തരവ് നം. 29/2023 തീയതി, 24/03/2023 പ്രകാരം ടി അദ്ധ്യാപികയ്ക്ക് താൽകാലിക ശമ്പള സ്കെയിലിന് മാത്രമേ അർഹതയുള്ളു. പ്രൊമോഷൻ ഡിക്ലയർ ചെയ്യുവാനോ വാർഷിക ഇൻക്രിമെന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുവാനോ നിർവാഹമില്ല.

എന്നാൽ, 18/2/26-ലെ G.O(Ms) No 31/2026/G.Edn ഉത്തരവ് ഖണ്ഡിക 8(A) പ്രകാരം, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി

ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്കു വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്കു നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

**5.** മേൽ സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ WP (C) No. 12883/2023 റിട്ട് ഹർജിയിലെ 13/04/2023 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ടുള്ള പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ R.Dis/ ഉത്തരവ് നമ്പർ C/14696/2021, തീയതി 23/06/2023 ശരിവച്ചു കൊണ്ടും, എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ, മാങ്കുറിശ്ശിയിൽ മാനേജർ ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തിക മാറ്റിവച്ചു എന്ന് ഉറപ്പുവരുത്തിക്കൊണ്ട്, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി. മായ എം.എ. യുടെ യു.പി.എസ്.ടി. തസ്തികയിലെ 15/07/2021 മുതലുള്ള പ്രൊവിഷണലായുള്ള നിയമന അംഗീകാരം റഗുലർ സ്കെയിലിൽ അംഗീകരിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി. മായ എം.എ. സർക്കാരിൽ ഫയൽ ചെയ്തിരുന്ന പരാമർശം (1) പുനഃപരിശോധനാ ഹർജി (Ext. P6) തീർപ്പാക്കി, അപ്രകാരം പാലക്കാട് മാങ്കുറിശ്ശി എ.യു.പി. സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. മായ എം.എ. ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 18260/2025 റിട്ട് ഹർജിയിലെ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പറളി - 678 702.
മാനേജർ, എ. യു. പി. സ്കൂൾ, മാങ്കുറിശ്ശി, പാലക്കാട് - 678 613.
ഹെഡ്മാസ്റ്റർ, എ. യു. പി. സ്കൂൾ, മാങ്കുറിശ്ശി, പാലക്കാട് - 678 613.
ശ്രീമതി. മായ എം.എ., യു.പി.എസ്.ടി., എ. യു. പി. സ്കൂൾ, മാങ്കുറിശ്ശി, പാലക്കാട് - 678 613.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 12-05-2026 11:46:38
സെക്ഷൻ ഓഫീസർ